(സി) ഗതാഗത സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കിഴക്കേക്കോട്ടയിലെ തിരക്ക് കണക്കിലെടുത്ത് അവിടത്തെ ഡിപ്പോ എങ്ങോട്ടു മാറ്റാനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) ഈ ബജറ്റിലെ നിർദ്ദിഷ്ട ബസ് ഡിപ്പോയുടെ പ്രവർത്തനം എന്നേയ്ക്ക് ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) എൻ. എ. എസ്. സി. ഒ. എം. എന്ന സംഘടന നടത്തിയ റിപ്പോർട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഇത് സംബന്ധിച്ച ചില നിർദ്ദേശങ്ങൾ നിലവിലുണ്ട്. അന്തിമ തീരുമാനം എടുത്തിട്ടില്ല.

(ഡി) ബസ് ഡിപ്പോയുടെ പ്രവർത്തനത്തിനാവശ്യമായ സ്ഥലമെടുപ്പിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

തലസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് ബസ് സർവ്വീസ്

98 [1304] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരത്തിൽ ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എത്തുന്ന കേന്ദ്രങ്ങളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. പ്രത്യേക ടൂറിസ്റ്റ് ബസ്സുകൾ ഓടിക്കാൻ നടപടി സ്വീകരിക്കുമോ ;

(ബി) തിരുവനന്തപുരം നഗരത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളായ വേളി, ശംഖുമുഖം, കോവളം തുടങ്ങിയ സ്ഥലങ്ങളിലേയ്ക്ക് ഡബിൾ ഡക്കർ ബസ്സുകൾ ഓടിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഏറ്റവും കൂടുതൽ ടൂറിസ്റ്റുകൾ എത്തുന്ന കോവളത്തേയ്ക്ക് കെ.എസ്.ആർ.ടി.സി. പുതുതായി നിരത്തിലിറക്കിയ വോ ഫ്ളോർ ബസ് ഉൾപ്പെടെ ധാരാളം സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. നടത്തുന്നുണ്ട്. മറ്റ് ടൂറിസ്റ്റ് കേന്ദ്രങ്ങളിലേയ്ക്കും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നുണ്ട്. ടൂറിസ്റ്റുകൾക്ക് മാത്രമായി പ്രത്യേക ബസ് ഓടിക്കുന്നത് ലാഭകരമല്ലാത്തതിനാൽ പ്രത്യേക ടൂറിസ്റ്റ് ബസ്സുകൾ ഓടിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല.

(ബി) ഈ ആവശ്യം പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly